**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ പഠനം പർത്തിയാക്കുന്നതിന് മുമ്പ് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളുകളിൽ നിന്നുമുള്ള കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി നിരന്തര ഇടപെടലുകൾ നടത്തുകയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. പൊതുവിദ്യാഭ്യാസവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടുകൂടി കൊഴിഞ്ഞ്പോക്ക് ഒരു പരിധിവരെ കുറച്ച് കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്.<br><br>**<u>സാമൂഹ്യപഠനമുറി</u>**<br><br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പല പദ്ധതികളും നടപ്പിലാക്കി വരുന്നു. കുട്ടികളുടെ പഠന സൗകര്യത്തോടൊപ്പം നിലവാരം ഉയർത്തുന്നതിനും ത്രിതല പഞ്ചായത്തുകൾ സാമൂഹ്യപഠനമുറികൾ ഉപയോഗപ്പെടുത്തി വരുന്നു. നിലവിൽ 364 സാമൂഹ്യ പഠനമുറികൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>**<u>ഗോത്രബന്ധു</u>**<br><br>വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നിവയ്ക്കായി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. വയനാട്, പാലക്കാട് , മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നു.<br><br>**<u>വിദ്യാവാഹിനി</u>** |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർ നാമകരണം ചെയ്ത് 2023-24 മുതൽ നടപ്പിലാക്കിയും വരുന്നു.

**രക്ഷിതാക്കൾക്കുള്ള പ്രോത്സാഹനധനസഹായം**

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് (എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും, യു.പി.വിഭാഗം വിദ്യാർത്ഥികൾക്ക് 900/- രൂപയും ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), പ്രതിമാസ സ്റ്റൈപന്റ് (200/- രൂപ) നഴ്സറി തലത്തിൽ 500/- രൂപ നിരക്കിൽ ലംപ്സം ഗ്രാന്റ് എന്നിവയും നൽകി വരുന്നു.

**9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/-രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

**സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

അക്കാഡമിക് കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് ടു കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3000/- രൂപയും ബിരുദം,

| | | | |
|---|---|---|---|
| | | | ബിരുദാനന്തരബിരുദം എന്നിവയ്ക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു. |
| (ബി) | കൊഴിഞ്ഞു പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്തുന്നതിന് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കൊഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും പരീക്ഷയിൽ വിജയിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ഹൈസ്കൂളിലും, പതിനൊന്നാം ക്ലാസിലും , പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. തൊട്ടടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ നൽകി വരുന്നു. കൂടാതെ വയനാട് ജില്ലയിൽ നെഹ്റു യുവ കേന്ദ്ര മുഖേന പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ കോച്ചിംഗ് നൽകി വരുന്നുണ്ട്. |
| (സി) | ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികൾ കൂടുതലുള്ള സ്കൂളുകളിൽ പ്രത്യേക പഠന പരിപോഷണ പരിപാടികൾ സംഘടിപ്പിച്ച് പഠന നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പഠന പരിപോഷണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള സ്കൂളുകളിൽ എസ്.എസ്.എൽ.സി പരീക്ഷക്ക് മുന്നോടിയായി പ്രത്യേക പരിശീലന പരിപാടിയായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പും സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ